LIBRARY ARCHIVES Kerala Legislative Assembly

സീസണിലേക്കും ആവശ്യമായി വരുന്ന രാസവളങ്ങളുടെ അലോട്ട്മെന്റ് നേടിയെടുക്കുകയും ആഴ്ചയിലൊരിക്കൽ ഇന്ത്യാ ഗവൺമെന്റ് നടത്തുന്ന വീഡിയോ കോൺഫറൻസിൽ പങ്കെടുത്ത് യൂറിയ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകളും റയിൽവേയിൽ ഉണ്ടാകുന്ന പ്രശ്നങ്ങളും നേരിട്ട് ഇന്ത്യാ ഗവൺമെന്റിനെ അറിയിക്കുകയും ചെയ്യുന്നുണ്ട്. ഇപ്പോൾ സംസ്ഥാനത്തേയ്ക്കാവശ്യമായ രാസവളങ്ങൾ ലഭിക്കുന്നതിലുള്ള പ്രശ്നങ്ങൾ തീർന്നിട്ടുണ്ട്. യൂറിയ വളം എത്തിക്കുന്നതിന് ഇഫ്കോ ജാഗ്രത പുലർത്തുന്നുണ്ട്. മറ്റ് കോംപ്ലക്സ് വളങ്ങൾക്കും പൊട്ടാഷ് വളങ്ങൾക്കും ക്ഷാമം അനുഭവപ്പെട്ടുന്നില്ല.

റബ്ബർ സംഭരണം

165 (3449) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബർ സംഭരണത്തിനായി സർക്കാർ അനുവദിച്ച ഫണ്ട് എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) ഏത് ഏജൻസിക്കാണ് ഫണ്ട് നൽകിയതെന്നും ; അതിൽ എത്ര ചെലവഴിച്ചു എന്നും വിശദമാക്കാമോ ?

ഉത്തരം

(എ) കൃഷി വകുപ്പിന്റെ വിലസ്ഥിരതയ്ക്കുവേണ്ടി വിപണിയിൽ ഇടപെടൽ (പദ്ധതി) എന്ന ശീർഷകത്തിൽ നിന്നും 10 കോടി രൂപ അധിക ധന അനുമതിയിലൂടെ റബ്ബർ സംഭരണത്തിന് അടിയന്തരമായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽനിന്നും 5 കോടി രൂപ വീതം സംഭരണ ഏജൻസികളായ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനും (റബ്ബർമാർക്ക്) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിനും (മാർക്കറ്റ്ഫെഡ്) അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 2013-14-ൽ വിലസ്ഥിരതയ്ക്കുവേണ്ടി വിപണിയിൽ ഇടപെടൽ (പദ്ധതി) പ്രകാരം സംഭരണ ഏജൻസികൾക്ക് കിലോയ്ക്ക് 6 രൂപ നിരക്കിൽ (കൈകാര്യച്ചെലവും റബ്ബർ വില വ്യത്യാസവും ഉൾപ്പെടെ) 4 കോടി രൂപ കൃഷി വകുപ്പിൽനിന്നും അനുവദിച്ചിട്ടുണ്ട്. 23-10-2014-ലെ സ.ഉ.(സാധാ) നമ്പർ 576/2014/സഹ പ്രകാരം 5 കോടി രൂപ സംഭരണ ഏജൻസികൾക്ക് സഹകരണ വകുപ്പ് അനുവദിച്ചിട്ടുണ്ട്.

(ബി) സംഭരണ ഏജൻസികൾക്ക് കൈകാര്യച്ചെലവ് നൽകുന്നതിനായി 4 കോടി രൂപ കൃഷി വകുപ്പ് അനുവദിച്ചിട്ടുണ്ട്. കൈകാര്യച്ചെലവ് ഇനത്തിൽ മാർച്ച് മാസംവരെ റബ്ബർമാർക്കിന് 6,58,212 രൂപയും മാർക്കറ്റ്ഫെഡിന് 1,75,574 രൂപയും നൽകിയിട്ടുണ്ട്. 2014-15-ൽ സംഭരണ ചെലവിനായി കൃഷി വകുപ്പിൽ നിന്നും 5 കോടി രൂപ മാർക്കറ്റ്ഫെഡിനും 5 കോടി രൂപ റബ്ബർമാർക്കിനും നൽകിയതിൽ മാർക്കറ്റ്ഫെഡ് 4,85,32,657 രൂപയും റബ്ബർമാർക്ക് മുഴുവൻ തുകയും ചെലവഴിച്ചു

നിറവ് പദ്ധതി

166 (3450) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത മണ്ഡലങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികളെ കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ;

(ബി) നിറവ് പദ്ധതിക്കായി സംസ്ഥാന ബഡ്ജറ്റിൽ നിന്നും തുക നീക്കിവച്ചിട്ടിട്ടുണ്ടോ ;

(സി) നിറവ് പദ്ധതികളുടെ നടത്തിപ്പിന് മണ്ഡലം തലത്തിൽ പ്രത്യേക ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) നടപ്പുസാമ്പത്തിക വർഷം നിറവ് പദ്ധതിക്കായി ടോക്കൻ പ്രൊവിഷനായി 1,000 രൂപ മാത്രം നീക്കി വച്ചിട്ടുണ്ട്. എന്നാൽ ഉപധനാഭ്യർത്ഥനയിൽ 500 ലക്ഷം രൂപ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) നിറവ് പദ്ധതികളുടെ നടത്തിപ്പിന് മണ്ഡലം തലത്തിൽ പ്രത്യേക ഫണ്ട് അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly